പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 252 — 12-10-2026-ൽ മറുപടിയ്ക്ക്

## സമൃദ്ധി ജനകീയ ഹോട്ടലുകൾ

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ**

ശ്രീ. കെ. കെ. വത്സരാജ്

**മറുപടി നൽകിയ മന്ത്രി**

ശ്രീ. കെ. എം. ഷാജി
(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)

**(എ)** സാധാരണക്കാരുടെയും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവരുടെയും ആശ്രയമായിരുന്ന സമൃദ്ധി ജനകീയ ഹോട്ടലുകൾക്ക് സപ്ലൈകോ നൽകിവന്നിരുന്ന സബ്സിഡിയുള്ള അരി കഴിഞ്ഞ നാലുമാസമായി ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം സാഹചര്യത്തിൽ സമൃദ്ധി ജനകീയ ഹോട്ടലുകൾ അടച്ചുപൂട്ടലിന്റെ വക്കിലാവുകയും സ്ഥാപനം നടത്തിവരുന്ന സാധാരണക്കാരായ വനിതകൾ കടക്കെണിയിൽപെടുന്നതുമായ സ്ഥിതിവിശേഷം സംജാതമാകുന്നതിനാൽ സബ്സിഡി പുനരാരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

**മറുപടി:** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിൽ 1198 ജനകീയ ഹോട്ടലുകളാണ് ഉള്ളത്. 2026 മാർച്ച് 31 വരെ, ഭക്ഷ്യപൊതുവിതരണ വകുപ്പ് ടൈഡ് ഓവർ വിഹിതത്തിൽ നിന്നും 10.90/കി.ഗ്രാം രൂപയ്ക്ക് അരി ലഭ്യമായിരുന്നു.

ജനകീയ ഹോട്ടലുകൾക്ക് കുറഞ്ഞ നിരക്കിൽ അരി ലഭ്യമാക്കുന്നതും സബ്സിഡി വർദ്ധിപ്പിക്കുന്നതും പരിശോധിക്കുന്നതിലേക്കായി സാമ്പത്തികബാധ്യത സഹിതമുള്ള വിശദമായ പ്രൊപ്പോസൽ സമർപ്പിക്കുന്നതിനുള്ള നിർദ്ദേശം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് നൽകിയിട്ടുണ്ട്.

**(ബി)** സമൃദ്ധി ജനകീയ ഹോട്ടലുകൾ ഓരോ ഊണ് നൽകുമ്പോഴും കുടുംബശ്രീ മുഖേന പത്തു രൂപ വീതം സർക്കാർ നൽകി വന്നിരുന്നത് നിലവിൽ ലഭ്യമാകുന്നില്ലായെന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ അത് വീണ്ടും ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

**മറുപടി:** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിൽ 1198 ജനകീയ ഹോട്ടലുകളാണ് ഉള്ളത്. 2026 മാർച്ച് 31 വരെ, ഭക്ഷ്യപൊതുവിതരണ വകുപ്പ് ടൈഡ് ഓവർ വിഹിതത്തിൽ നിന്നും 10.90/കി.ഗ്രാം രൂപയ്ക്ക് അരി ലഭ്യമായിരുന്നു.

ജനകീയ ഹോട്ടലുകൾക്ക് കുറഞ്ഞ നിരക്കിൽ അരി ലഭ്യമാക്കുന്നതും സബ്സിഡി വർദ്ധിപ്പിക്കുന്നതും പരിശോധിക്കുന്നതിലേക്കായി സാമ്പത്തികബാധ്യത സഹിതമുള്ള വിശദമായ പ്രൊപ്പോസൽ സമർപ്പിക്കുന്നതിനുള്ള നിർദ്ദേശം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് നൽകിയിട്ടുണ്ട്.

**(സി)** സമൃദ്ധി ജനകീയ ഹോട്ടലുകൾ നവീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദീകരിക്കാമോ?

**<u>മറുപടി:</u>** സമൃദ്ധി ജനകീയ ഹോട്ടലുകൾ നവീകരിക്കുന്നതിനായി അതത് ജില്ലാ പ്ലാനിംഗ് കമ്മിറ്റിയുടെ തീരുമാനപ്രകാരം കുറഞ്ഞത് 30/- രൂപ നിരക്കിൽ ഊണ് എന്നതിനോടൊപ്പം കൂടുതൽ വെജ്, നോൺ-വെജ്, സ്പെഷ്യൽ വിഭവങ്ങൾ എന്നിവ ആവശ്യാനുസരണം തയ്യാറാക്കി ഇവയ്ക്ക് ഹോട്ടൽ സംരംഭകർ നിശ്ചയിക്കുന്ന നിരക്ക് ഈടാക്കി സംരംഭക മാതൃകയിൽ പ്രവർത്തിക്കുന്നതിന് കുടുംബശ്രീ വഴി ജനകീയ ഹോട്ടലുകൾക്ക് നിർദേശം നൽകിയിട്ടുണ്ട്. കൂടാതെ, ജനകീയ ഹോട്ടലുകളുടെ പ്രവർത്തനത്തിനാവശ്യമായ കെട്ടിടം, വെള്ളം, വൈദ്യുതി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നിലവിൽ ലഭ്യമാക്കി വരുന്നുണ്ട്. ജനകീയ ഹോട്ടൽ പദ്ധതി കൂടുതൽ കാര്യക്ഷമവും സുസ്ഥിരവുമാക്കുന്നതിനുള്ള നവീകരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് , കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ പരിശോധിച്ച് വരികയാണ്.

**സെക്ഷൻ ഓഫീസർ**